*ഉന്നത വിദ്യാഭ്യാസത്തിൽ*

*സാഹിത്യപഠനത്തിൻെറ ആവശ്യകതയെന്ത്?*

*ഉപരിവിദ്യാഭ്യാസത്തിൽ സാഹിത്യാധ്യയനം*

*ആവശ്യമില്ല എന്ന സമീപനത്തിൻെറ ആപത്കരമായ*

*വശങ്ങളെക്കുറിച്ച് ഒരു അന്വേഷണം.*

*ഒരാളിൻെറ സാംസ്കാരികബോധത്തിൽ*

*സാഹിത്യകൃതികൾ വഹിക്കുന്ന*

*മുഖ്യ പങ്കിനെക്കുറിച്ച് ഒരു വിചിന്തനം.*

# ഉപരിവിദ്യാഭ്യാസവും സാഹിത്യ പഠനവും ഒരു മാർഗ്ഗരേഖ

പ്രൊഫ. എ.പി.പി. നമ്പൂതിരി



ഭാഷകൾക്കും സാഹിത്യങ്ങൾക്കും ഉപരി വിദ്യാഭ്യാസത്തിൽ വലിയ സ്ഥാനമൊന്നും നൽകേണ്ടതില്ല എന്ന് ശക്തിയായി വാദിക്കുന്ന ഒരു വിഭാഗം വിദ്യാഭ്യാസചിന്തകർ ലോകത്തെങ്ങുമുണ്ട്. ഇന്ത്യയിലും ഈ ചിന്താഗതിയ്ക്ക് പ്രാമാണ്യം ലഭിക്കുന്നു എന്നു തോന്നിക്കുന്ന വിധത്തിലാണ് പുതിയ കോഴ്സുകളുടെ പാഠ്യപദ്ധതികൾ. സെക്കണ്ടറി വിദ്യാഭ്യാസത്തോടുകൂടി ഭാഷാപഠനം അവസാനിക്കണം എന്നാണ് ഈ ചിന്താഗതിക്കാരുടെ അഭിപ്രായം. ഉപരിവിദ്യാഭ്യാസം സ്പെഷ്യലൈസേഷൻ ആവണമെന്നും സ്പെഷ്യലൈസേഷനിൽ ഒരു ശാഖയിൽ പരമാവധി കേന്ദ്രീകരണമാവണം ലക്ഷ്യം എന്നുമാണ് അവരുടെ ന്യായീകരണം. ഭാഷയിലും സാഹിത്യത്തിലും സ്പെഷ്യലൈസ് ചെയ്യാൻ ആഗ്രഹിക്കുന്നവർക്കു മാത്രം മതി സാഹിത്യകൃതികളെപ്പറ്റിയുള്ള വിശദമായ പഠനം എന്നുവരെ അവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ ഒരു സയൻസ് ഗ്രാജ്വേറ്റോ, കൊമേർസ് ഗ്രാജ്വേറ്റോ, എൻജിനീയറോ ഡോക്ടറോ ആവാൻ വേണ്ടി പഠിക്കുന്ന ആൾക്ക് ആ പ്രത്യേക ബിരുദം നേടിയാൽ ജീവിതത്തിൽ പ്രവേശിച്ച് വിജയം വരിക്കുന്നതിന് ഭാഷയ്ക്കും സാഹിത്യത്തിനും ഒരു പങ്കുമില്ല; അതിനാൽ അവ പഠിക്കുകയും വേണ്ട, ഇതാണ് ഈ വിഭാഗക്കാരുടെ ചിന്താഗതി.

ഈ ചിന്താഗതി ജോലി നേടൽ മാത്രമാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം എന്ന അഭിപ്രായത്തിൽ നിന്ന് ഉടലെടുക്കുന്നതാണ്. അറിവു നേടൽ മാത്രമാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം എന്ന അഭിപ്രായം പോലെത്തന്നെ അർത്ഥരഹിതമാണ് ജോലി നേടൽ മാത്രമാണ് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം എന്ന അഭിപ്രായവും. പൂർണ്ണമനുഷ്യനെയില്ലെങ്കിലും പൂർണ്ണതയോടടുത്തു നില്ക്കുന്ന മനുഷ്യനെയെങ്കിലും സൃഷ്ടിക്കുക എന്നത് വിദ്യാഭ്യാസത്തിൻെറ ലക്ഷ്യമായിരിക്കണം. വ്യക്തിക്കു ജീവിതവൃത്തിക്കുതകുന്ന ഒരു തൊഴിലിൽ ഏർപ്പെടാനുള്ള കഴിവു നൽകുന്നതോടൊപ്പം വെളിച്ചവും മാധുര്യവും നൽകൽ കൂടി വിദ്യാഭ്യാസത്തിൻെറ ചുമതലയാണ്. ഡോ: എസ്. രാധാകൃഷ്ണൻ വിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങളെപ്പറ്റി പ്രകടിപ്പിച്ച അഭിപ്രായം ശ്രദ്ധേയമാണ്. ഡോ: രാധാകൃഷ്ണൻ എഴുതുന്നു:

The purpose of education is not merely to develop abstract [illegible] or to produce mere technicians. The essential aim is to produce cultured personalities with refined feelings, civilised manners and restrained behaviour. Self control is the essential part of education."

—Educational ideals.

[വിദ്യാഭ്യാസത്തിൻെറ ഉദ്ദേശ്യം അമൂർത്തമായ ബുദ്ധിശക്തിയെ വികസിപ്പിക്കുകയോ സാങ്കേതികവിദഗ്ധരെ സൃഷ്ടിക്കുകയോ അല്ല. ഉത്കൃഷ്ടവികാരങ്ങളും പരിഷ്കൃത നടപടികളും നിയന്ത്രിതമായ പെരുമാറ്റവുമുള്ള സംസ്കാര സമ്പന്നരായ വ്യക്തികളെ സൃഷ്ടിക്കുക എന്നതാണ്, അതിൻെറ പ്രധാന ലക്ഷ്യം. ആത്മനിയന്ത്രണമാണ് വിദ്യാഭ്യാസത്തിൻെറ പ്രധാന പ്രവൃത്തി.]

വിദ്യാഭ്യാസത്തിന്റെ മഹത്തായ ഈ ലക്ഷ്യം കണക്കിലെടുക്കുമ്പോൾ സ്പെഷ്യലൈസേഷനായാൽ പോലും അതിൽ സാഹിത്യത്തിനും കലയ്ക്കും പ്രധാനമായ ഒരു സ്ഥാനം അനുവദിച്ചേ പറ്റൂ. വാസ്തവത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രൈമറി ഘട്ടത്തിലും സെക്കൻററി ഘട്ടത്തിലും ഭാഷയല്ലാതെ സാഹിത്യം പഠിക്കാൻ പറ്റില്ല. സാഹിത്യം പഠിക്കാനും ആസ്വദിക്കാനും ഉള്ള കഴിവ് പ്രൈമറി വിദ്യാഭ്യാസത്തിന്റെയും സെക്കൻററി വിദ്യാഭ്യാസത്തിന്റെയും കാലത്ത് വിദ്യാർത്ഥി നേടിക്കഴിഞ്ഞിട്ടുണ്ടാവില്ല. ഭാഷയുടെ പ്രയോഗത്തിൽ പോലും വൈകല്യമില്ലാത്ത ഒരവസ്ഥ സെക്കൻററി വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുണ്ടാകുന്നില്ല. ആ നിലയ്ക്ക് സാഹിത്യാസ്വാദനത്തിനുള്ള കഴിവ് ആ ഘട്ടത്തിലുണ്ടാവുമെന്ന് ഏതായാലും കരുതിക്കൂടാ. അതിനാൽ ഡിഗ്രീ ക്ലാസ്സുകൾ, എൻജിനീയറിങ്ങ്, മെഡിസിൻ തുടങ്ങിയ സാങ്കേതിക കോഴ്സുകൾ ഇവയിലാണ് സാഹിത്യാസ്വാദനത്തിന് സ്ഥാനം നൽകേണ്ടത് എന്നുതന്നെ വാദിക്കാവുന്നതാണ്. ഓരോ കലാലയവും ഓരോ സാങ്കേതിക വിദ്യാലയവും ഓരോ ഗവേഷണസ്ഥാപനവും അതിന്റെ ലക്ഷ്യമായി കൈക്കൊള്ളേണ്ടത് ഓരോ ചെറുപ്പക്കാരനും അവിടെനിന്ന് പുറത്തുപോകുന്നത് ഒരു സംയുക്ത വ്യക്തിത്വത്തോടുകൂടിയവനായിട്ടാവണം, കേവലം ഒരു സ്പെഷ്യലിസ്റ്റ് ആയിട്ടാവരുത് എന്നാവണം. പക്ഷേ ഇന്ന് സംഭവിക്കുന്നത് നേരെ മറിച്ചാണ്. ഒരു വിദ്യാഭ്യാസ ചിന്തകനായ കെ.ജി. പണ്ഡിറ്റ് കുറച്ചുകാലം മുമ്പെഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ ചൂണ്ടിക്കാട്ടുകയുണ്ടായി:

"The new barbarian is above all the professional man, more learned than ever before, but at the same time more uncultured, the engineer, the physician, the lawyer, the scientist."

[പുതിയ കാട്ടാളൻ മറ്റാരിലുമുപരി, തൊഴിൽ വിദഗ്ധനെന്ന ആളാണ്. പണ്ടത്തെക്കാളൊക്കെ പണ്ഡിതൻ; പക്ഷെ അതേസമയം കൂടുതൽ സംസ്കാരരഹിതൻ കൂടിയായ എഞ്ചിനീയർ, ഡോക്ടർ, വക്കീൽ, ശാസ്ത്രജ്ഞർ എന്നിവർ.]

എന്തുകൊണ്ടിങ്ങനെ സംഭവിക്കുന്നു! ഉത്തരം വളരെ സരളമാണ്. സങ്കേതിക വിദ്യാഭ്യാസത്തിൽ മനുഷ്യനെ ദേവനാക്കുന്ന സ്വഭാവവിശേഷങ്ങൾ വളർത്താൻ കഴിവുള്ള സാഹിത്യാദികലകൾക്കു സ്ഥാനമില്ല എന്നതു തന്നെ. ഒരെഞ്ചിനീയറോ, ഡോക്ടറോ, ശാസ്ത്രജ്ഞനോ ആയി വിദ്യാഭ്യാസാനന്തരം തിരിച്ചു വരുന്ന വിദ്യാർത്ഥി സംസ്കാരത്തിന്റെയോ കലാഭിരുചിയുടെയോ നീരോട്ടംപോലുമില്ലാത്തവനായിരിക്കും. മാനുഷിക മൂല്യങ്ങളെ ചവിട്ടിമെതിക്കാൻ അയാൾക്കൊരു വിഷമവുമില്ല. ഒരു മനഃസാക്ഷിക്കുത്തുമില്ല. ഏതാണ്ട് യന്ത്രം പോലുള്ള ഒരു വ്യക്തിയായി, ഏകമുഖനായി, മനുഷ്യപ്പറ്റില്ലാത്തവനായിതീർന്നിരിക്കും, വിദ്യാർത്ഥി പഠിത്തക്കാലത്തിനിടയിൽ. ഒറ്റ ജാലകം മാത്രമുള്ള വീട്ടിലടക്കപ്പെട്ട ഒരു തടവുപുള്ളിയെപ്പോലെയാണവൻ. ഇത്തരത്തിലുള്ള ആളുകളിൽ നിന്ന് സമുദായത്തിനോ രാഷ്ട്രത്തിനോ കാര്യമായൊരു സംഭാവനയും പ്രതീക്ഷിച്ചുകൂടാ.

സാഹിത്യപഠനം അറിവിനു വേണ്ടിയിട്ടല്ല. സാങ്കേതിക വിജ്ഞാനത്തിന്റെ കടലിൽ കിടന്നു കെട്ടിമറിയുമ്പോൾ ഇടയ്ക്കൊന്നു കാലുറപ്പിച്ച് വിശ്രമസുഖം അനുഭവിക്കാനുള്ള മണൽത്തിട്ടുകളാണ് സാഹിത്യാധ്യയനക്ലാസ്സുകൾ. ഉപരിവിദ്യാഭ്യാസത്തിൽ പഠിക്കേണ്ടത്, ഭാഷയല്ല, സാഹിത്യമാണ്; വ്യാകരണത്തിന്റെ എല്ലുകളല്ല, കലാപരത്വത്തിന്റെ മാംസളഭാഗങ്ങളാവണം ഒരു വിദ്യാർത്ഥി–സാങ്കേതിക വിദ്യാഭ്യാസത്തിൽ ഭാഷയുടെ പേരിൽ പഠിക്കേണ്ടത്. അങ്ങനെ പഠിക്കുന്നത് അവനിൽ മൌലികത്വം, ഒത്തിരിപ്പിനെക്കുറിച്ചുള്ള ബോധം, ഔചിത്യത്തെക്കുറിച്ചുള്ള ധാരണ, ഭാവനാധനത്വം എന്നിവ ഉണ്ടാവൻ സഹായകമാവുകയും ചെയ്യും. ഇതൊന്നുമില്ലാതെ ഏതുതുറയിലും ഇക്കാലത്ത് ഒരു നല്ല ഉദ്യോഗസ്ഥനാവാൻ സാദ്ധ്യമല്ല എന്നത് വ്യക്തമാണ്. സാഹിത്യത്തിന്റെയും കലയുടെതുമായ ചിട്ടയും ക്രമവും പഠിക്കുകയും അതേപ്പറ്റി ചിന്തിക്കുകയും ചെയ്തിട്ടുള്ള ഒരു ഡോക്ടർ ഒരിക്കലും ഓപ്പറേഷൻ നടത്തുമ്പോൾ ശീലക്കഷ്ണങ്ങളോ കത്രികതന്നെയോ രോഗിയുടെ വയറ്റിൽ വെച്ച് തുന്നിക്കെട്ടി എന്ന ആരോപണത്തിന് വിധേയനാവാനിടയില്ല. സൗന്ദര്യബോധം സാഹിത്യാധ്യയനത്തിലൂടെ നേടാൻ കഴിഞ്ഞ ഒരു എഞ്ചിനീയർ കെട്ടിടത്തിന്റെ ഉറപ്പിൽ മാത്രമല്ല, അതിന്റെ ആകർഷകത്വത്തിൽ, ഭംഗിയിൽക്കൂടി ശ്രദ്ധാലുവായിരിക്കും. മലമ്പുഴ അണക്കെട്ടുകൾ പോരാ നമുക്ക്; ആ അണക്കെട്ടിന്റെ അരികെത്തന്നെ കണ്ണും കരളും കവരുന്ന കലാഭംഗിയുള്ള പൂന്തോട്ടങ്ങളും ലതാഗൃഹങ്ങളും ഉറവകളും കൂടിവേണം. ചുരുക്കത്തിൽ ഏതു ജീവിതത്തുറയിലും വിജയം വരിക്കാൻ കലയും സാഹിത്യവുമായുള്ള ബന്ധം സഹായിക്കും. ഇതു മനസ്സിലാക്കിക്കൊണ്ടാണ് കേന്ദ്രമന്ത്രിയായിരുന്ന രാജകുമാരി അമൃത്കൗർ രാധാകൃഷ്ണൻ കമ്മീഷന് നൽകിയ തെളിവിൽ ഇങ്ങനെ പറഞ്ഞത്:

"Even in this age of science, I am in favour of a higher place being given to the teaching of humanities in our universities and I suggest that a sound balance between the humanities and the science should be maintained."

—The report of the university Ed. Commission vol.II.

[ശാസ്ത്രത്തിന്റേതായ ഈ യുഗത്തിലും നമ്മുടെ സർവ്വകലാശാലകളിൽ മാനവിക വിഷയങ്ങൾക്ക് കൂടുതൽ ഉന്നതമായ ഒരു സ്ഥാനം കൊടുക്കുന്നതിനെ ഞാൻ അനുകൂലിക്കുന്നു. മാത്രമല്ല, മാനവിക വിഷയങ്ങളും ശാസ്ത്ര വിഷയങ്ങളും തമ്മിൽ സമ്യക്തുലിതാവസ്ഥവേണമെന്ന് ഞാൻ അഭിപ്രായപ്പെടുകയും ചെയ്യുന്നു.]

സാങ്കേതിക വിദ്യാഭ്യാസം ഏകമുഖമാക്കി അതിന്റെ മേന്മ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നവർ ഈ അഭിപ്രായം ശ്രദ്ധിക്കേണ്ടതാണ്.

വാസ്തവത്തിൽ ഉപരിവിദ്യാഭ്യാസത്തിൽ സാഹിത്യാധ്യയനം തീരെ ആവശ്യമില്ല എന്ന സമീപനം ആപത്കരമാണ്. ഭാവിതലമുറയോടു ചെയ്യുന്ന ഒരനീതിയായിട്ടാണ് ഇത്തരമൊരു സംരംഭത്തെക്കാണേണ്ടത്. ഡിഗ്രിക്ലാസ്സുകളിൽ, പണ്ടത്തെപ്പോലെ ഉപഭാഷകളായി പ്രാദേശിക ഭാഷപഠിപ്പിക്കപ്പെട്ടാൽ പോരാ. പ്രധാനഭാഷയായിതന്നെ പ്രാദേശിക ഭാഷയ്ക്ക് സ്ഥാനം നല്കുകയും ആ ഭാഷയിലെ സാഹിത്യം ആസ്വദിക്കാൻ വിദ്യാർത്ഥിക്കു കഴിവുണ്ടാക്കുകയും വേണം. ഏതൊരാളുടെയും സാംസ്കാരികബോധത്തിൽ അതിപ്രധാനമായ പങ്കുവഹിക്കാൻ കഴിയുക മാതൃഭാഷയിലെ ഉത്കൃഷ്ടസാഹിത്യകൃതികൾക്കാണ്. അതിനാൽ ഡിഗ്രിക്ലാസ്സുകളിൽ ഏതു വിഷയത്തിൽ സ്പെഷ്യലൈസ്.ചെയ്യുമ്പാഴും മാതൃഭാഷാസാഹിത്യവുമായി അല്പമെങ്കിലും ബന്ധം ഓരോവിദ്യാർത്ഥിക്കും ഉണ്ടായിരിക്കണം. തികച്ചും സ്പെഷ്യലൈസേഷനുണ്ടെന്നു പറയുന്ന എഞ്ചിനീയറിങ്ങ് — മെഡിക്കൽ കോഴ്സുകളിൽ പോലും ആഴ്ചയിൽ ഒന്നോ രണ്ടോ മണിക്കൂർ മാതൃഭാഷാസഹിത്യമോ തത്വചിന്താപരവും ചരിത്രപരവുമായ വിഷയങ്ങളോ പഠിക്കാനുണ്ടാവുകയെന്നത് ആവശ്യമാണ്. എങ്കിൽ മാത്രമേ ശാസ്ത്രത്തിന്റെ സന്തതിയായ പുതിയ ഒരുതരം 'ബാർബേറിസം' വളരാതിരിക്കയുള്ളു.

★